" ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മൃഗസംരക്ഷണ വകുപ്പ്- ജീവനക്കാര്യം - വെറ്ററിനറി സർജൻ ഡോ.ബിജ്ജു.എൽ രാജിനെതിരെയുള്ള അച്ചടക്കനടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================================

**കൃഷി(മൃഗസംരക്ഷണ- ഇ)വകുപ്പ്**

സ.ഉ.(സാധാ)നം.337/2020/എ.എച്ച്.ഡി തീയതി, തിരുവനന്തപുരം, 02.11.2020.

===========================================================================

പരാമർശം:-

1. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 03.11.2005-ലെ എക്സ്3/34239/2005/വിജി നമ്പർ നടപടിക്രമം.
2. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 05.07.2013-ലെ എക്സ്2- 22914/2012/വിജി നമ്പർ കത്ത്.
3. 21.09.2014 ലെ 26464/എ.എച്ച്.ഇ 3/13/എ.ഡി നമ്പർ ചാർജ്ജ് മെമ്മോയും കുറ്റാരോപണ പത്രികയും.
4. 19.01.2017-ലെ സ.ഉ (ആർ.റ്റി) നം.16/2017/എഎച്ച്ഡി നമ്പർ ഉത്തരവ്.
5. മൃഗസംരക്ഷണ വകുപ്പ് സീനിയർ ഫിനാൻസ് ഓഫീസറുടെ 16.06.2017 ലെ ഔപചാരിക അന്വേഷണ റിപ്പോർട്ട്.
6. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 24.06.2017-ലെ എക്സ്2-22914/2012/വിജി നമ്പർ കത്ത്.
7. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 14.11.2017-ലെ എക്സ്2-22914/2012/വിജി നമ്പർ കത്ത്.
8. 28.09.2018 ലെ ഇ 3/170/2015-എ.എച്ച് നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
9. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 22.11.2018-ലെ എക്സ്2-22914/2012/വിജി നമ്പർ കത്ത്.
10. 11.02.2019-ലെ ഇ 3/170/2015-എ.എച്ച് നമ്പർ നോട്ടീസ്.
11. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 14.11.2018-ലെ എ.എച്ച്.ഡി/4800/2018/എക്സ്5 വിജി നമ്പർ കത്ത്.
12. 27.05.2019-ലെ ഇ 3/170/2015-എ.എച്ച് നമ്പർ സർക്കാർ കത്ത്.
13. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 01.11.2019-ലെ എ I-1/133/2019-കെ.പി.എസ്.സി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മൃഗസംരക്ഷണ വകുപ്പിലെ വെറ്ററിനറി സർജനായ ഡോ.ബിജ്ജു.എൽ.രാജ് മറയൂർ വെറ്ററിനറി ഡിസ്പെൻസറിയിൽ വെറ്ററിനറി സർജനായി ജോലി നോക്കി വരവേ, അനധികൃതമായി ജോലിയ്ക്ക് ഹാജരാകാത്തതിനാൽ ടി സ്ഥാപനത്തിന്റെ അവസ്ഥ ശോചനീയമാണ് എന്നും, 2011-12 ലെ പദ്ധതി വിഹിതം ഉപയോഗിച്ച് നടപ്പിലാക്കേണ്ട ഒരു പദ്ധതി പോലും നടപ്പിലാക്കാതെ തുക നഷ്ടപ്പെട്ടുവെന്നും മറയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഇടുക്കി ജില്ലാ മൃഗസംരക്ഷണ ഓഫീസറെ അറിയിച്ചിരുന്നു. ഇടുക്കി ജില്ലാ മൃഗസംരക്ഷണ ഓഫീസർക്ക് 2012 മാർച്ച് മാസം മുതലുള്ള പ്രതിമാസ റിപ്പോർട്ടുകൾ നൽകാതിരിക്കുക, പ്രതിമാസ യോഗങ്ങളിൽ പങ്കെടുക്കാതിരിക്കുക, മേലധികാരി അയക്കുന്ന കത്തുകൾക്ക് യഥാസമയം മറുപടി നൽകാതിരിക്കുക എന്നീ വീഴ്ചകൾ ഡോ.ബിജ്ജു.എൽ.രാജിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളതായി കണ്ടെത്തി മൃഗസംരക്ഷണ വകുപ്പ്

.........2

ഡയറക്ടർ പരാമർശം (1) പ്രകാരം ഉടൻ പ്രാബല്യത്തിൽ വരുംവിധം ടിയാനെ സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്ത് ഉത്തരവായിരുന്നു. ശാന്തൻപാറ വെറ്ററിനറി ഡിസ്പെൻസറിക്ക് അനുവദിച്ച 1,00,000/- രൂപയുടെ ചെക്കും രാജാക്കാട് വെറ്ററിനറി ഡിസ്പെൻസറിക്ക് അനുവദിച്ച 1,00,000/- രൂപയുടെ ചെക്കും കൈപ്പറ്റി തുക മാറിയെടുത്തുവെങ്കിലും ആയതിന്റെ ധനവിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിക്കുകയോ പദ്ധതി നിർവ്വഹണം പൂർത്തിയാക്കുകയോ ചെയ്യാതെ സ്വന്തം പേരിൽ സ്വന്തമായി അക്കൗണ്ട് തുടങ്ങി ആയതിൽ നിക്ഷേപിച്ചതായി ഇടുക്കി ജില്ലാ മൃഗസംരക്ഷണ ഓഫീസർ നടത്തിയ വിശദപരിശോധനയിൽ കണ്ടെത്തി. ആയതിന് ടിയാളോട് വിശദീകരണം തേടിയെങ്കിലും യാതൊരു മറുപടിയും നൽകിയില്ല. തുടർന്ന് ടിയാൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് പരാമർശം (2) പ്രകാരം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ സർക്കാർ തലത്തിൽ അച്ചടക്കനടപടി ആരംഭിച്ച് പരാമർശം (3) പ്രകാരം ചാർജ്ജ് മെമ്മോയും കുറ്റാരോപണ പത്രികയും നൽകിയിരുന്നു.

ചാർജ്ജ് മെമ്മോക്ക് ഡോ.ബിജു.എൽ.രാജ് പ്രതിവാദപത്രിക സമർപ്പിക്കുകയോ തനിക്കെതിരെയുള്ള ആരോപണങ്ങൾ തെറ്റാണെന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കുകയോ വാദഗതികൾ ഉന്നയിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ ടിയാൾക്കെതിരെ അച്ചടക്ക നടപടി തുടരുന്നതിന്റെ ഭാഗമായി ടിയാനെതിരെയുള്ള ആരോപണങ്ങളെ സംബന്ധിച്ച്, 1960- ലെ കെ.സി.എസ്. (സി.സി & എ) റൂൾ ചട്ടം 15 പ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ ഫിനാൻസ് ഓഫീസറെ പരാമർശം (4) ഉത്തരവ് പ്രകാരം നിയമിക്കുകയുണ്ടായി.

ഔപചാരിക അന്വേഷണ നടപടികളുമായി സഹകരിക്കാതിരിക്കുകയും സർക്കാർ നല്കിയ ചാർജ്ജ് മെമ്മോയും കുറ്റാരോപണ പത്രികയും പ്രതികരിക്കാതിരിക്കുകയും ചെയ്തതിലൂടെ ഡോ. ബിജു. എൽ.രാജിനെതിരെ ആരോപിച്ചിട്ടുള്ള കുറ്റങ്ങൾ ടിയാൾ ചെയ്തതായി അംഗീകരിച്ചിരിക്കുന്നതായും, സസ്പെൻഷനിൽ തുടരുന്ന ടിയാൻ സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടങ്ങൾക്ക് വിരുദ്ധമായി പ്രവൃത്തിച്ചുകൊണ്ടിരിക്കുന്നതായും, സസ്പെൻഷനിൽ തുടരവെ ടിയാൻ അവധിയിലാണെന്ന് കർഷകരെ തെറ്റിദ്ധരിപ്പിച്ച് മൃഗചികിത്സ നടത്തുന്നത് സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടങ്ങളെയും സർക്കാർ നിയമങ്ങളെയും വെല്ലുവിളിക്കുന്ന നടപടിയാണെന്നും, തന്റെ നിരപരാധിത്വം തെളിയിക്കുന്നതിന് നിയമാനുസൃതമായ അവസരങ്ങൾ നല്കിയിട്ടും ആയത് പ്രയോജനപ്പെടുത്താതെ വീണ്ടും കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന ഡോ.ബിജു.എൽ.രാജിന് ഉചിതമായ ശിക്ഷ നല്കണമെന്നും അന്വേഷണ ഉദ്യോഗസ്ഥൻ പരാമർശം (5) പ്രകാരം ശുപാർശ ചെയ്തിരുന്നു. . ആയത് പരാമർശം (6) പ്രകാരം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറും അംഗീകരിച്ചിട്ടുണ്ട്.

17.09.2012 ന് സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യപ്പെട്ട ടിയാൻ നാളിതുവരെ സർവ്വീസിൽ തിരികെ പ്രവേശിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുകയോ, ഉപജീവനബത്ത കൈപ്പറ്റുകയോ, അന്വേഷണ നടപടികളുമായി സഹകരിക്കുകയോ ചെയ്തിട്ടില്ലായെന്നും തുടർന്നും അച്ചടക്കലംഘനം നടത്തുകയും മേലുദ്യോഗസ്ഥരുടെ നിർദേശങ്ങൾ അവഗണിക്കുകയും കടുത്ത സാമ്പത്തിക കുറ്റങ്ങൾക്ക് പോലീസിൽ നിന്നും കോടതിയിൽ നിന്നും നടപടി നേരിടുകയും ചെയ്യുന്നതിനാൽ ടിയാന്റെ സസ്പെൻഷൻ കാലം തുടരുവാൻ തീരുമാനിക്കുകയും ആയത് പ്രകാരം ടിയാന്റെ സസ്പെൻഷൻ 02.11.2017 ലെ എക്സ്2-22914/2012/വിജി നമ്പർ നടപടിക്രമം പ്രകാരം ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് എന്നും പരാമർശം (7) പ്രകാരം ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

ഡോ.ബിജു.എൽ.രാജിനെതിരെ നിലനില്ക്കുന്ന പോലീസ് കേസുകൾ പേരൂർക്കട പോലീസ് സ്റ്റേഷനിൽ നിന്നും സിറ്റി പോലീസ് കമ്മീഷണർ ലഭ്യമാക്കിയത് പരാമർശം (8) പ്രകാരം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ലഭ്യമാക്കുകയുണ്ടായി.

അച്ചടക്ക നടപടിയുടെ ഭാഗമായുള്ള ഔപചാരിക അന്വേഷണ നടപടികളുമായി സഹകരിക്കാതിരിക്കുകയും സർക്കാർ നല്കിയ ചാർജ്ജ് മെമ്മോയും കുറ്റാരോപണ പത്രികയും പ്രതികരിക്കാതിരിക്കുകയും സസ്പെൻഷനിൽ തുടരവെ അവധിയിലാണെന്ന് കർഷകരെ തെറ്റിദ്ധരിപ്പിച്ച് മൃഗചികിത്സ നടത്തുന്നത് സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടങ്ങളെയും

സർക്കാർ നിയമങ്ങളെയും വെല്ലുവിളിയ്ക്കുന്ന നടപടിയാണ്. തന്റെ നിരപരാധിത്വം തെളിയിക്കുന്നതിന് നിയമാനുസൃതമായ അവസരങ്ങൾ നല്കിയിട്ടും ആയത് പ്രയോജനപ്പെടുത്താതെ വീണ്ടും കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന ഡോ.ബിജു.എൽ.രാജിനെ സർവ്വീസിൽ നിന്നും നീക്കുന്നതിന് താത്ക്കാലികമായി തീരുമാനിച്ചുകൊണ്ട് പരാമർശം (9) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് ടിയാന്റെ ലഭ്യമായ അഡ്രസ്സിൽ അയച്ചിരുന്നു. എന്നാൽ ആയത് Addresee left എന്ന തപാൽ വകുപ്പിന്റെ കുറിപ്പോടെ തിരികെ സർക്കാരിലേക്ക് ലഭ്യമായതിനെ തുടർന്ന് കാരണം കാണിക്കൽ നോട്ടീസ് Window Advertisement ആയി പ്രമുഖ പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന് പരാമർശം (10) പ്രകാരം നോട്ടീസ് നല്കിയിരുന്നു. ആയതിനും ടിയാനിൽ നിന്നും പ്രതികരണമൊന്നും ലഭിച്ചിട്ടില്ല.

കൂടാതെ ഡോ.ബിജു.എൽ.രാജ്, ഇടുക്കി ജില്ലയിലെ കൊന്നത്തടി എന്ന സ്ഥലത്തെ ക്ഷീരകർഷകനായ ശ്രീ.ചാക്കോപ്പള്ളിൽ മോനി വർഗ്ഗീസിന്റെ പശു മരണപ്പെട്ട ശേഷം അതിന്റെ ഇൻഷുറൻസ് രേഖകൾ, ഫോട്ടോ എന്നിവ വാങ്ങിക്കൊണ്ട് പോയി എന്നും നാളിതുവരെ ഇൻഷുറൻസ് ക്ലെയിം കിട്ടുന്നതിന് വേണ്ട നടപടി സ്വീകരിക്കുകയോ ഫോണിൽ ബന്ധപ്പെടാൻ ശ്രമിച്ചിട്ട് പ്രതികരിക്കുകയോ ചെയ്യുന്നില്ലായെന്നും ആരോപിച്ചുകൊണ്ടും ലഭിച്ച പരാതി ഇടുക്കി ജില്ലാ മൃഗസംരക്ഷണ ഓഫീസർ ലഭ്യമാക്കിയത് പരാമർശം (11) പ്രകാരം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ സമർപ്പിച്ചിരുന്നു. ഇപ്രകാരം നിരന്തരം സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന ഡോ.ബിജു.എൽ.രാജിനെ 1960-ലെ കെ.സി.എസ് (സി.സി&എ) ചട്ടങ്ങളിലെ ചട്ടം 11(i)(vii) അനുശാസിക്കും പ്രകാരം സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള സർക്കാരിന്റെ താല്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്ന വിഷയത്തിൽ കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഉപദേശം പരാമർശം (12) പ്രകാരം ആരായുകയുണ്ടായി. ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ ടി കേസ് വിശദമായി പരിശോധിച്ച കമ്മീഷൻ സർക്കാരിന്റെ താത്ക്കാലിക തീരുമാനത്തോട് യോജിക്കുകയും പരാമർശം (13) പ്രകാരം അപ്രകാരം ഉപദേശിക്കുകയുമുണ്ടായി.

മേൽ സാഹചര്യത്തിൽ കാരണം കാണിക്കൽ നോട്ടീസിന് നാളിതുവരെ പ്രതികരിക്കാതെയും സസ്പെൻഷനിൽ തുടരുന്നതും സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടങ്ങൾക്ക് വിരുദ്ധമായി പ്രവൃത്തിച്ചുകൊണ്ടിരിക്കുന്നതും, സസ്പെൻഷനിൽ തുടരവെ അവധിയിലാണെന്ന് കർഷകരെ തെറ്റിദ്ധരിപ്പിച്ച് മൃഗചികിത്സ നടത്തുകയും ചെയ്യുന്ന ഡോ.ബിജു.എൽ.രാജിനെ 1960-ലെ കെ.സി.എസ് (സി.സി&എ) ചട്ടങ്ങളിലെ ചട്ടം 11(i)(vii) അനുശാസിക്കും പ്രകാരം സർവ്വീസിൽ നിന്നും നീക്കം ചെയ്യുക എന്ന സർക്കാരിന്റെ താത്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**ടിങ്കു ബിസ്വാൾ**

സെക്രട്ടറി

പകർപ്പ്:-

ഡയറക്ടർ മൃഗസംരക്ഷണ വകുപ്പ്, തിരുവനന്തപുരം.
ഡോ.ബിജു എൽ രാജ്, വെറ്ററിനറി സർജൻ (മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ മുഖേന)
സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ ഉത്തരവ് ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**നം :എക്സ്.5/22914/2012/വിജി:** **തിയതി : 20/11/2020**

02-11-2020- ലെ സ.ഉ.(സാധാ)നം:337/2020/എ.എച്ച്.ഡി നമ്പർ സർക്കാർ ഉത്തരവിന്റെ 2 പകർപ്പ് അറിവിലേക്കായി ഡോ:ബിജ്ജു എൽ രാജിന്റെ ലഭ്യമായ ചുവടെ പറയുന്ന മേൽ വിലാസത്തിൽ നൽകുന്നു.(ഒരു പകർപ്പിൽ തീയതിയോട്ടുകൂടിയ കൈയ്യൊപ്പ് രേഖപ്പെടുത്തി കൈപ്പറ്റ രേഖയായി തിരികെ അയച്ചുതരേണ്ടതാണ്)

**ഡോ:ബിജ്ജു എൽ രാജ് ,ലീല കോട്ടേജ്, ജയപ്രകാശ് ലൈൻ , കടപ്പനക്കുന്ന്,തിരുവനന്തപുരം-695043 (Regd. With A/D)**

അഡ്മിനിസ്ട്രേറ്റീവ് അസ്സിസ്റ്റന്റ് -II
**മൃഗസംരക്ഷണവകുപ്പ് ഡയറക്ടർക്കുവേണ്ടി**

പകർപ്പ്
1. ജില്ലാ മൃഗസംരക്ഷണ ഓഫീസർ,ഇടുക്കി (അറിവിലേക്കായി നൽകുന്നു)
2.സൂപ്രണ്ട് എൽ. സെക്ഷൻ (അറിവിലേക്കായി നൽകുന്നു)
3.സൂപ്രണ്ട്,ഡി സെക്ഷൻ (അറിവിലേക്കായി നൽകുന്നു)
4.ഐ റ്റി സെക്ഷൻ (ito.ahd@kerala.gov.in എന്ന ഇ മെയിൽ വിലാസത്തിലേക്ക്, ഉത്തരവിന്റെ പകർപ്പ് വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)
5. പണിഷ്മെന്റ് രജിസ്റ്റർ
6 സൂക്ഷിപ്പ് ഫയൽ

VK